# സദ്വാർത്ത

An official publication of Church of God (Full Gospel) in India, Central West Region

VOL. 40 ISSUE 2 | PUBLISHED FROM MUMBAI | BI-MONTHLY | SEP - OCT 2025


# ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയണൽ ശുശ്രൂഷക സമ്മേളനം



പാ. ഈ.പി. സാംകുട്ടി
മുംബൈ



പാ. സി.സി. തോമസ്
കേരള



പാ. ഷിബു തോമസ്
യു.എസ്.എ



പാ. വിജു ഫിലിപ്പ്
യു.എസ്.എ



അഡ്വ. സിജു തോമസ്
ഡൽഹി

**മുംബൈ :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയണൽ ശുശ്രൂഷക സമ്മേളനം 2026, ഫെബ്രുവരി മൂന്ന് മുതൽ അഞ്ചു വരെ ചർച്ച് ഓഫ് ഗോഡ് ബദലാപൂർ ക്യാമ്പസിൽവച്ചു നടത്തപ്പെടും.

റീജിയണൽ ഓവർസിയർ പാസ്റ്റർ ഈ.പി. സാംകുട്ടിയുടെ അധ്യക്ഷതയിൽ റീജിയണൽ കൗൺസിലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രസ്തുത ശുശ്രൂഷക സമ്മേളനത്തിൽ, ചർച്ച് ഓഫ് ഗോഡ് സൗത്ത് ഏഷ്യ സൂപ്രണ്ട് പാ. സി.സി. തോമസ്, പാസ്റ്റേഴ്സ് ഷിബു തോമസ് യുഎസ്എ, വിജു ഫിലിപ്പ് യുഎസ്എ, അഡ്വക്കേറ്റ് സിജു തോമസ് ഡൽഹി എന്നിവർ ദൈവവചനം ശുശ്രൂഷിക്കും. അഞ്ചാം തീയതി ഉച്ചയോടുകൂടെ സമ്മേളനം അവസാനിക്കും. അനുഗ്രഹത്തിനായി പ്രാർത്ഥിച്ചാലും. ●

## ആത്മ നിറവിന്റെ ത്രിദിന റീജിയണൽ യൂത്ത് ക്യാമ്പിന് അനുഗ്രഹീത സമാപ്തി

**മുംബൈ :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ വൈ.പി.ഇ ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 21 -23 വരെ ചർച്ച് ഓഫ് ഗോഡ് മഹനീയം ക്യാമ്പസിൽ വച്ച് യൂത്ത് ക്യാമ്പ് നടത്തപ്പെട്ടു. റീജിനൽ വൈ.പി.ഇ ഡയറക്റ്റർ പാസ്റ്റർ ഷിഞ്ചു തോമസ്സിന്റെ അധ്യക്ഷതയിൽ നടന്ന പ്രഥമ മീറ്റിംഗിൽ റീജിനൽ ഓവർസ്സിയർ പാസ്റ്റർ ഈ.പി. സാംകുട്ടി പ്രാർത്ഥിച്ച് ഉത്ഘാടനം ചെയ്തു. **“മുഖാമുഖം യേശുവുമായി”** എന്ന തീമിനെ ആസ്പദമാക്കി ക്രിസ്തുവിനെ ലക്ഷ്യമാക്കി ഓടുവാനും, ആ ദർശനം പ്രാപിക്കുവാനും ഈ ക്യാമ്പ് കാരണമാകട്ടെ എന്ന് ഉത്ഘാടന പ്രസംഗത്തിൽ ഓർപ്പിച്ചു.

വിവിധ സെഷനുകളിൽ ഇവാ. ജോബിൻ സാം വർഗീസ് (ബാംഗ്ലൂർ), ഇവാ. സിബി മാത്യു (ബാംഗ്ലൂർ) പാസ്റ്റർ ആൽബി തോമസ് (കേരള) എന്നിവർ ക്യാസ്സുകൾ നയിച്ചു. പരിശുദ്ധാത്മ സാന്നിധ്യം നിറഞ്ഞു നിന്ന എല്ലാ സെക്ഷനുകളും യുവജനങ്ങൾക്ക് അനുഗ്രഹമായിത്തീർന്നു.

പാസ്റ്റർ മാർക്ക് ത്രിഭുവന്റെ നേതൃത്വത്തിലുള്ള ടീം ആത്മീക ഗാനശുശ്രൂഷകൾക്ക് നേതൃത്വം നൽകി. കൂടാതെ റിജിയനിലെ വിവിധ സഭകളിൽ നിന്നുള്ള യുവജനങ്ങളും വിവിധ സെഷനുകളിൽ ഗാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

രണ്ടാം ദിവസം പാസ്റ്റർ ഷിബു മാത്യുവിന്റെ നേതൃത്വത്തിൽ നടന്ന കാത്തിരിപ്പ് യോഗത്തിൽ പാസ്റ്റർ ഷിബു വർഗീസ്, പാസ്റ്റർ ബിജു എം ജി, റീജിയണിലെ മറ്റു ദൈവദാസന്മാർ ഈ ആത്മീക ശുശ്രൂഷയിൽ പങ്കുചേർന്നു. കാത്തിരിപ്പ് യോഗം പരിശുദ്ധാന്മാവിന്റെ പകർച്ചയായി തീർന്നു. അനേക യുവജനങ്ങക്ക് പരിശുദ്ധാത്മസ്നാനത്തിനും കൃപാവരപ്രാപണത്തിനും കാത്തിരിപ്പ് യോഗം കാരണമായി. പത്തിൽ അധികം കുഞ്ഞുങ്ങൾ ജല സ്നാനത്തിനായി സമർപ്പിച്ചു, മുപ്പത്തഞ്ചിലധികം ആളുകൾ പൂർണസമയ സുവിശേഷ വേലക്കായി സമർപ്പിച്ചു.

പാസ്റ്റർ ജിക്സൺ ജയിംസിന്റെ അധ്യക്ഷതയിൽ നടന്ന സമാപനയോഗത്തിൽ പാസ്റ്റർ ആൽബി തോമസ്, ‘പൂർണ്ണ സുവിശേഷവും, ക്രിസ്തുവിന്റെ വിളിയും’ എന്ന വിഷത്തെ ആസ്പദമാക്കി നടത്തിയ മിഷൻ ചലഞ്ച് കടന്നു വന്ന യുവാക്കൾക്ക് ക്രിസ്തുവിന്റെ വേലക്ക് വേണ്ടിയുള്ള ഒരു പുതിയ ദിശാ ബോധം നൽകി. തുടർന്ന് നടന്ന പ്രാർത്ഥനയിൽ നൂറുകണക്കിന് യുവതി, യുവാക്കൾ ക്രിസ്തുവിന്റെ വേലക്കുവേണ്ടി സമർപ്പണത്തോടെ കടന്നു വന്നു കണ്ണുനീരോടെ തങ്ങളെ തന്നെ സമർപ്പിക്കുന്ന കാഴ്ച, പിരിയുവാൻ പറ്റാത്ത ആത്മസാന്നിധ്യവും ഈ ക്യാമ്പിന്റെ പ്രത്യേകതയായി തീർന്നു.

ഈ കാലഘട്ടത്തിലെ യുവതലമുറ അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെ ഉൾപ്പെടുത്തി പാസ്റ്റർ മനു കെ ചാക്കോ നേതൃത്വം നൽകിയ പ്രത്യേക കൗൺസലിംഗ് സെക്ഷനും, തുടർന്ന് വ്യക്തിഗത കൗൺസലിംഗും ക്യാമ്പിൽ ഒരു നവ അനുഭവമായിരുന്നു.

പാസ്റ്റർ ഷിബു വർഗീസ്, ബ്രദർ സിജോ ചെറിയാൻ, സിസ്റ്റർ ബ്ലസി ജിക്സൺ വിവിധ സെക്ഷനുകളിൽ ട്രാൻസിലേഷൻ നിർവഹിച്ചു. പാസ്റ്റർ ബിജു തങ്കച്ചൻ, പാസ്റ്റർ ബെഞ്ചി മാത്യു, പാസ്റ്റർ ബിജു എം .ജി എന്നിവർ ആശംസകൾ അറിയിച്ചു. വൈ.പി.ഇ ബോർഡ് മെമ്പേഴ്സ് വിവിധ സെക്ഷനുകൾക്ക് നേതൃത്വം നൽകി.

റീജിയണൽ ട്രഷറാർ ബ്രദർ ടിജോ ചെറിയാൻ കടന്നു വന്നവർക്ക് നന്ദി പ്രകാശിപ്പിച്ചു.

റീജിയണൽ ഡയറക്ടർ പാസ്റ്റർ ഷിഞ്ചു തോമസ്, സെക്രട്ടറി ബെനൻ ആൽബ്രട്ട്, ട്രഷറാർ ടി.ജെ. ചെറിയാൻ കൂടാതെ വൈ.പി.ഇ. ബോർഡ് ഉൾപ്പെട്ട വലിയ ടീം ക്യാമ്പിന്റെ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. റീജിയണിലെ വിവിധ സീനിയർ ദൈവദാസന്മാരുടെ സാനിധ്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

റീജിയണൽ ഓവർസ്സിയർ പാസ്റ്റർ ഇ.പി. സാംകുട്ടിയുടെ പ്രാർത്ഥനയോടും ആശിർവ്വാദത്തോടും കൂടെ 2025 ലെ ആത്മനിറവുകൊണ്ടും, യുവജനപങ്കാളിത്തം കൊണ്ടും, കോർഡിനേഷന്റെ മികവുകൊണ്ടും എടുത്തു പറയേണ്ടുന്ന റീജിയണൽ യൂത്ത് ക്യാമ്പ് അനുഗ്രഹമായി സമാപിച്ചു. ●





SADHWARTHA

**Editorial Board**

**Patron**
Pastor E.P. Samkutty

**Publication Director**
Pastor Biju Thankachan

**Chief Editor**
Pastor Manu K. Chacko

**Associate Editors**
Pastor Nainan M. Abraham
Pastor Shibu Baby

**Contributing Editors**
Br. Roy Mepral Philedelphia,
Rev. Jose Mallassery, UAE
Pastor Joppachan, Mumbai
Pastor Sanjay Allwyn, Kanpur
Dr. Paul Raj, Mumbai
Pastor Mahavir Prasad, Mumbai
Pastor Johnson Thomas

**Co-ordinators**
Pr. Sujith P. Joseph, Delhi
Pr. Prakash Sonare
Pr. Alexander Koshy, Delhi
Pr. Jose K. Mathew, M.P
Pr. Shinu Abraham, Nagpur
Pr. Shiju K. Daniel, Punjab
Pr. Ajimon K. Eapen, Mumbai
Pr. Jayakumar, Hyderabad
Pr. Blesson P. Daniel, Gujarat
Pr. John K. George, Mumbai
Pr. Reji Punnoose, Hyderabad
Bro. K.K. Koshy, Pune
Bro. James Philip, Mumbai.
Bro. Shaji P. John, Delhi
Bro.Jayan K. Thomas, Navi Mumbai
Bro. Aniyan K.Mathai, Bhayander
Bro.D.G Martin, Mumbai
Bro. P.C.Varghese, Pune
Bro. Sabu George, Dombivili
Bro. Bovas P. Varghese, Nagpur
Bro. Sonu Johnson ,Gujarat

വാർത്തകൾ, ലേഖനങ്ങൾ, കവിതകൾ, ഭാവനകൾ, കഥകൾ തുടങ്ങിയവ അയയ്ക്കേണ്ട വിലാസം

**Chief Editor**
Sadhwartha Publications
P.O. Box No. 7213, Chembur,
Mumbai 400071. Tel:25251834
Mob.: 8208907893
7738452125
email :sadhwartha@gmail.com

*Editorial* ........

# Christ like Leadership Shapes Christlike Lives



**Pastor Manu K. Chacko**
Chief Editor

Leadership is not a title; it is a trust. It is not about position, but about responsibility. True spiritual leadership is a sacred calling where one's life becomes the message before the words are ever spoken.

Jesus Christ is our greatest example of leadership. He led by serving, taught by example, and motivated by love. When He said, *"Follow Me,"* He was inviting people into a relationship of transformation to learn, to grow, and to become like Him. Every leader today, whether in the church, mission, or any sphere of influence, has the same task: to reflect Christ in the way they lead.

The truth is, **followers become what they see in their leaders**. The character, tone, and direction of a ministry or community often mirror the heart of its leadership. As leaders, we are constantly influencing others, sometimes consciously, often unconsciously. The followers look for five essentials in their leaders: **hope, trust, compassion, stability, and inspiration.** These five qualities define how people perceive, follow, and grow under a leader's care.

**1. Hope : Seeing Beyond the Present**

Hope is the light that helps people walk through dark valleys. A hopeful leader sees what others cannot yet see and encourages the people to keep moving forward in faith. In the Bible, we find a remarkable contrast among the twelve spies sent to explore the Promised Land (Numbers 13–14). Ten brought back fear, but **Caleb and Joshua** spoke with hope: *"We should go up and take possession of the land, for we can certainly do it."* (Numbers 13:30)

While others saw giants, Caleb and Joshua saw God's promises. Their hope was not blind optimism but faith rooted in God's word. Followers draw courage from leaders who refuse to surrender to fear. Hopeful leaders remind people that **God is bigger than the problem.**

**2. Trust – The Foundation of Relation-ship**

Trust is the invisible bridge between a leader and the people. Without it, no mission can stand strong. Followers look for leaders they can rely on those who mean what they say and live what they preach. The Bible offers a powerful example in **Moses**. Though imperfect, he was deeply trusted by the people because they knew he walked with God. Scripture says, *" The Lord would speak to Moses face to face, as one speaks to a friend."* (Exodus 33:11)

Even when Israel doubted, they ultimately followed because they saw the presence of God with Moses. It is not built overnight but through consistent faithfulness over time.

**3. Compassion : The Heart of Servant Leadership**

Compassion is what makes leadership human. It is the ability to feel with people, to understand their pain, and to care beyond duty. A compassionate leader doesn't only lead from the head but also from the heart. Jesus showed true compassion, when He saw the tired and helpless crowds, His heart was moved, and He helped them by healing, feeding, and teaching (Matthew 9:36).

Nehemiah showed true compassion when he heard about Jerusalem's broken walls — he wept, prayed, and was moved to rebuild what was ruined. True compassion moves us to restore and care for people as souls made in God's image, not just as workers or numbers.

**4. Stability: Standing Firm in Every Storm**

In a world of uncertainty, people need leaders who are steady. Stability gives followers confidence that their leader won't collapse under pressure. **Daniel** is one of the finest biblical examples of stability. Taken as a captive into Babylon, surrounded by idolatry and temptation, Daniel remained consistent in his devotion. Scripture says, *"Daniel resolved not to defile himself…"* (Daniel 1:8)

Even when threatened with death, Daniel's faith did not waver. His stability in prayer and principle influenced kings and nations. Stability doesn't mean the absence of struggle; it means strength of conviction amid struggle. A stable leader holds firm when others lose balance.

**5. Inspiration: Stirring the Hearts of Others**

The final essential followers seek is inspiration, the spark that ignites faith and action in others. Inspirational leaders not only point the way but also awaken purpose within their followers. **The Apostle Paul** is a classic example. His life of perseverance and passion inspired countless believers. Though he faced persecution, imprisonment, and hardship, he wrote with unwavering joy: *"Follow my example, as I follow the example of Christ."* (1 Corinthians 11:1). Paul's life motivated others to endure and serve faithfully. Inspired followers do not simply imitate; they innovate carrying the leader's vision forward.

Every true quality of leadership finds its fullness in **Jesus Christ**. In Him, we see **hope** that overcomes despair, **trust** that never fails, **compassion** that moves the heart, **stability** that endures every storm, and **inspiration** that transforms lives. His followers found in Him everything their hearts longed for in a leader and they were never the same again.

Therefore, as we lead in our various callings whether in church, family, or community let us look to **Jesus as our ultimate model**. The more we follow His pattern, the more effective and Christlike our leadership will become.

May our lives echo the heart of Christ, so that those who follow us may ultimately be led closer to Him the **Leader of leaders and the Shepherd of our souls.** ●

# वर्तमान कलीसिया के लिए एक चेतावनी

**Pastor Mahavir Prasad Gautam**
Evangelism Director - COG-CWR

प्रिय पाठकों मसीही अभिवादन!

मैं जंगल में पुकारने वाले का एक शब्द हूं (यूह. १:२३) जब यूहन्ना बपतिस्मा देने वाले से पूछा गया, तू कौन है?, तो उसने न तो मसीह होने का दावा किया, न किसी विशेष उपाधि को अपनाया। उसने मात्र यही कहा - मैं जंगल में पुकारने वाले की आवाज़ हूं। यह वाक्य एक साधारण परिचय नहीं, बल्कि एक आत्मिक स्थिति और उद्देश्य को दर्शाता है। वह ऐसे समय में आया जब नबूवत की आवाज़ें बंद हो चुकी थीं, धार्मिकता का मुखौटा पहने हुए लोग आत्मिक रूप से मृतप्राय थे, और मसीह का मार्ग तैयार करने वाला कोई न था। आज की कलीसिया भी कुछ ऐसी ही परिस्थिति में है। एक बार फिर आवश्यकता है - ऐसी आवाज़ की जो आत्मिक जंगल में पुकार लगाए, स्पष्ट बोले, और आत्माओं को प्रभु की ओर मोड़े।

**१. स्वार्थ के जंगल में स्वयं का इनकार करो की पुकार**

यूहन्ना ने केवल पाप को उजागर नहीं किया, बल्कि उसके मूल कारण - स्वार्थ - पर सीधे वार किया। उसने लोगों से कहा: जो दो कुर्ते रखता है, वह उसके साथ बाँटे जिसके पास नहीं (लूका ३:११)। आज की कलीसिया स्वार्थ, आत्म-केंद्रियता और प्रसिद्धिपरस्ती से ग्रस्त है। सेवकाई तक को आत्म-प्रचार का मंच बना लिया गया है। ऐसे समय में, यूहन्ना जैसे अगुवों की आवश्यकता है, जो निडरता से कह सकें: यदि कोई मेरे पीछे आना चाहे, तो अपने आप का इनकार करे (मत्ती १६:२४)। यह इनकार केवल शब्दों में नहीं, बल्कि जीवनशैली में परिलक्षित होना चाहिए - जहां सेवकाई एक बलिदान है, न कि लाभ का माध्यम।

**२. बेईमानी के जंगल में अपने मार्ग बदलो की पुकार**

लूका ३:१२-१४ में यूहन्ना कर वसूलने वालों और सैनिकों को सीधी, व्यावहारिक सलाह देता है: ज्यादा न लेना, झूठा दोष न लगाना, संतोष रखना। उसका प्रचार सैद्धांतिक नहीं, व्यावहारिक था। आज भी ऐसे प्रचार की जरूरत है, जो बेईमानी, झूठ, और धार्मिक पाखंड को उजागर करे। यूहन्ना ने कहा: मन फिराव के योग्य फल लाओ (लूका ३:८)। आज हमें ऐसे प्रचारक चाहिए जो लोगों को स्पष्ट चेतावनी दें कि बिना मनफ़िराव के, परमेश्वर के राज्य में स्थान नहीं है (लूका ९:६२)। हमें जगाने वाली आवाज़ें चाहिए - न कि सुलाने वाले उपदेश।

**३. घमण्ड के जंगल में दीनता की पुकार**

जब यूहन्ना के चेले ईर्ष्यावश कहने लगे, वह जिसके विषय तूने गवाही दी थी, वह बपतिस्मा देता है, और सब उसके पास जाते हैं (यूहन्ना ३:२६), तब यूहन्ना ने जो उत्तर दिया, वह सच्चे

» 4

*From Regional Overseer....*

# ജയിച്ചവരും ജയിക്കുന്നവരും



Pastor E.P. Samkutty

ക്രിസ്തീയ ജീവിതം ഒരു യാത്രയാണ്. മാത്രമല്ല, അത് ആത്മീയ പോരാട്ടവുമാണ്. ജയവും പരാജയവും ഈ വഴിയിലുണ്ട്. ഓരോ വിശ്വാസിയും പ്രതിദിനം നേരിടുന്ന പരീക്ഷണങ്ങൾ, പ്രലോഭനങ്ങൾ, നിരാശകൾ എന്നിവയിലൂടെ കടന്ന് പോകുമ്പോൾ, ദൈവവചനമനുസരിച്ച് ജീവിക്കുന്നവരാണ് യഥാർത്ഥ ജയാളികൾ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. (എഫേ 6:12).

ഇവിടെ ദൈവവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ യഥാർത്ഥ ശത്രു മനുഷ്യർ അല്ല, മറിച്ച് നമ്മുടെ ആത്മീയ നന്മകൾക്കെതിരായി പ്രലോഭനവും ഭീഷണിയുമായി വരുന്ന അദൃശ ശക്തികളാണ്. ഈ യുദ്ധത്തിൽ ജയിക്കുക എന്നത് ദൈവത്തിന്റെ സഹായമില്ലാതെ സാധ്യവുമല്ല.

**നമുക്ക് എങ്ങനെ ലോകത്തേയും പിശാചിനെയും ജയിക്കാൻ കഴിയും?**

ദൈവത്തിൽനിന്നു ജനിച്ചതൊക്കെയും ലോകത്തെ ജയിക്കുന്നു; ലോകത്തെ ജയിച്ച ജയമോ നമ്മുടെ വിശ്വാസം തന്നേ.യേശു ദൈവപുത്രൻ എന്നു വിശ്വസിക്കുന്നവൻ അല്ലാതെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ?

അചഞ്ചലമായ വിശ്വാസം, ആഴമായ പ്രാർത്ഥനാജീവിതം ദൈവ വചനാനുസരണം ഉള്ള ജീവിതം - ഇതാണ് യഥാർത്ഥ വിജയത്തിന്റെ വഴികൾ. ജയാളിയായ യേശുവിന്റെ വാക്കുകൾ നമ്മെ ഉറപ്പിക്കുന്നു:

ലോകത്തിൽ നിങ്ങൾക്കു കഷ്ടം ഉണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു ( യോഹ. 16:33).

ബൈബിളിലെ നായകന്മാരുടെ ജീവിതം നമുക്ക് പ്രചോദനമാണ്. പലരും പരാജയപ്പെട്ട സ്ഥാനത്ത് ജയാളികളായി തീർന്നവരാണ് ഇവരൊക്കെയും. ദാവീദ് ഗോലിയാത്തിനെ നേരിടുമ്പോൾ തന്റെ അചഞ്ചലമായ വിശ്വാസവും ദൈവശക്തിയിലുള്ള ആശ്രയവും നിമിത്തം വിജയിയായി തീർന്നു.

ദാനിയേൽ അന്യദേശത്തും തന്റെ ആത്മീക മൂല്യം കൈമോശം വരാതെ വിശ്വാസത്തോടും വിശ്വസ്തതയോടും വിശുദ്ധിയോടും ആഴമേറിയ പ്രാർത്ഥനയോടുംകൂടെ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ബാബേൽ രാജാക്കന്മാരുടെ കാലത്തും ദാര്യാവേശിന്റെ കാലത്തും പാർസി രാജാവായ കോരേശിന്റെ കാലത്തും ശുഭമായിരുന്നു.

പൗലോസ് തന്റെ മുൻപിൽ വന്ന സകല പ്രതികൂലങ്ങളെയും അതിജീവിച്ച് വിശ്വാസത്തിന്റെ നല്ലപോർ പൊരുതി ഓട്ടം തികച്ചു നീതിയുടെ കിരീടത്തിന് ഓഹരിക്കാരനായതുപോലെ നാമും പ്രതികൂലങ്ങളെ കണ്ട് പകച്ചു നിൽക്കാതെ അചഞ്ചലമായ വിശ്വാസത്തോടും ദൈവഭയത്തോടും വിശ്വസ്തതയോടും കൂടെ ജയാളികളായി തീരണമെന്ന് ദൈവം ആഗ്രഹിക്കുന്നു.

ഇവരുടെ വിജയങ്ങൾ ലൗകികതയിൽ അല്ല, ആത്മീയതയിൽ ആയിരുന്നു. ഇന്നും ദൈവം അങ്ങനെയുള്ളവരെ നോക്കിക്കൊണ്ടിരിക്കുന്നു

**ആരാണ് ജയാളികൾ ?**

ദിനംപ്രതി തന്റെ മുമ്പാകെ നിന്ന് തന്റെ ശബ്ദം കേൾക്കുന്നവർ, ദൈവത്തെയല്ലാതെ മറ്റാരെയും മറ്റൊന്നിനെയും ആഗ്രഹിക്കാത്തവർ, ദൈവത്തോടുള്ള ഉറ്റസ്നേഹം നിമിത്തം തങ്ങളുടെ എല്ലാ വഴികളിലും സകലവിധ പാപത്തെയും വെറുക്കുന്നവർ, നീതിയെയും സത്യത്തെയും സ്നേഹിക്കുന്നവർ, കോപത്തെയും പാപകരമായ ലൈംഗിക ചിന്തകളെയും അതിജീവിക്കുന്നവർ, ദിനംതോറും തങ്ങളുടെ ക്രൂശ് എടുത്തു കൊണ്ട് പൂർണ്ണതയിലേക്ക് മുന്നേറുന്നവർ, ഭയത്തോടും വിറയലോടും കൂടി സ്വന്ത രക്ഷയ്ക്കായി പ്രവർത്തിക്കുന്നവർ, മനുഷ്യരുടെ പ്രശംസയോ, ആത്മീയ പുരോഗതിയോ ദൈവത്താൽ അംഗീകരിക്കപ്പെട്ട പദവികളോ മറ്റെന്ത് ഉയർച്ചകൾ ലഭിച്ചാലും തങ്ങൾ എല്ലാവരിലും ഏറ്റവും ചെറിയവൻ ആണെന്നുള്ള ബോധം കൈവിടാതെ താഴ്മയിൽ തന്നെ അടിയുറച്ച് നിൽക്കുന്നവർ, പാഴ്വേലകൾക്കായി തങ്ങളുടെ സമയമോ പ്രയോജനം ഇല്ലാത്ത വസ്തുക്കൾക്കായി പണമോ ദുർവ്യായം ചെയ്യാത്തവർ, നിരന്തരമായ പരിശുദ്ധാത്മാഭിഷേകത്തിൽ ജീവിക്കുന്നവർ, ആ പരിശുദ്ധാത്മാവ് നൽകുന്ന കൃപാവരങ്ങളിൽ സമ്പന്നരായവർ, ദുശാഠ്യക്കാരാകാതെ സൗമ്യ പ്രകൃതികളാലും തങ്ങളേക്കാൾ പ്രായവും അറിവുമുള്ള സഹോദരന്മാരുടെ നിയന്ത്രണത്തിനും തെറ്റ് തിരുത്തലിനും വിധേയരായി ജീവിക്കുന്നവർ, എല്ലാ മനുഷ്യരോടും ഒരുപോലെ പെരുമാറുന്നവർ, ആദ്യസ്നേഹം നിലനിർത്തുന്നവർ, സാത്താൻ വാഗ്ദാനം ചെയ്യുന്ന ധനം മാനം പ്രതിഫലങ്ങൾ എന്നിവയിൽ ഒരിക്കലും സ്വാധീനിക്കപ്പെടാതെ ഒരിക്കലും ഒത്തുതീർപ്പിന് സന്നദ്ധരാകാതെ മൂല്യങ്ങൾക്കും വിശുദ്ധിക്കും വേർപാടിനും വേണ്ടി ഉറച്ചു നിൽക്കുന്നവർ, ഭൂമിയിൽ ഏതെങ്കിലും മനുഷ്യരെ പ്രസാദിപ്പിക്കുവാൻ ആഗ്രഹിക്കാതെ ദൈവത്തെ മാത്രം പ്രസാദിപ്പിക്കുവാൻ പരിശ്രമിക്കുന്നവർ, ഇടവിടാതെ പ്രാർത്ഥിക്കുകയും ഉപവസിക്കുകയും വചനാനുസരണം ജീവിതം നയിക്കയും ചെയ്യുന്നവർ, ഏതുവിധത്തിൽ എങ്കിലും ചിലരെ നേടുവാനായി എല്ലാവർക്കും എല്ലാമായി തീരുവാൻ സന്നദ്ധതയുള്ളവർ, മറ്റുള്ളവർ രക്ഷിക്കപ്പെടുവാൻ മാത്രമല്ല ക്രിസ്തുവിന്റെ ശിഷ്യരാകുവാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ആഗ്രഹിക്കുന്നവർ, എല്ലാ സ്ഥലത്തും ദൈവത്തിന് വിശുദ്ധമായ സാക്ഷ്യം നിലനിർത്തുന്നവർ, ഒരു കാര്യത്തിലും സ്വാർത്ഥം അന്വേഷിക്കാത്തവർ, ആത്മീയ അധികാരവും ആത്മീയമായ അന്തസ്സും കാത്തുസൂക്ഷിക്കുന്നവർ, ഇങ്ങനെ ഉള്ളവരാണ് ജയിക്കുന്നവർ. ജയിക്കുക എന്നത് യേശുവിൽ നിലനിൽക്കലാണ്. യേശുവിനൊപ്പം നിത്യവിജയം ഉറപ്പാണ്. ജയിച്ചവരും ജയിക്കുന്നവരും എന്നത് രണ്ട് ഘട്ടങ്ങളാണ് ഇപ്പോഴത്തെ പോരാട്ടവും, ഭാവിയിലെ പ്രതിഫലവും.

നമ്മുടെ ജഡത്തിൽ നന്മയൊന്നും വസിക്കാത്തതിനാൽ മേൽവിവരിച്ച നന്മകൾ നമ്മിൽ വളർന്നു വരുവാനായി ദൈവകൃപ നാം അന്വേഷിക്കേണ്ടത് ആവശ്യമാണ്. കാലം അതിന്റെ അന്ത്യത്തിലേക്ക് എത്തിയിരിക്കുന്ന ഈ നാളുകളിൽ ഈ വിധത്തിൽ ജീവിക്കുന്ന ജയാളികളായി തീരുവാനുള്ള ദൈവകൃപക്കായി ദിനംപ്രതി ദൈവസന്നിധിയിൽ പ്രാർത്ഥിക്കാം. പരിശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

●

# Nothingness to Obedience to Abundance : The Unpopular Journey

**Luke 5:1-7**



Ajeesh Koshy

**Nothingness**:

"*Master, we toiled all night and took nothing!*" Luke 5:5a Nothingness, even after toiling hard, can sometimes be a miracle, a purpose of God. Just like Peter and his partners toiled all night but took nothing. Peter and his partners were professional fishermen who had likely spent most of their lives on the water. For them to not catch a single fish... is a bit unusual. Peter doesn't say we caught very few, he says we caught NOTHING. You may've put in sincere, hard work at your workplace. But took nothing - no recognition or reward. You may've invested a lot of time and money into something (with God's approval). But took nothing – no returns. You may've toiled very hard to mend, revive or nurture a strained relationship. But took nothing – no growth. Your current season could well be a miracle, leading you to a special encounter with God – an encounter ordained for this very stage of your life. Pray to God and ask Him - Lord, will you talk to me about this nothingness I'm going through? Is it a miracle in disguise? Are you up to something, Father? Will you please open my eyes, my perspective?

**Obedience**:

"*Master, we toiled all night and took nothing! BUT at your word, I will let down the nets.*" Luke 5:5 In times of nothingness, watch out for God's voice. Heed His voice with readiness and preparation of heart - to do what He says, without murmuring, without hesitation. This will lead to a greater miracle. Peter explains his situation that he had toiled all night, without any return. But he doesn't stop there. His very next statement shows complete obedi-ence, regardless of all odds. Consider the odds Peter overcame in his journey of obedience.

**Physical and mental exhaustion:** Peter had rowed out into the waters, casting his net all night and likely moving from place to place in search of a catch, before finally rowing back to the shore in the morning. He might also have been discouraged, feeling that all the work and effort last night had been a complete waste. Some-times obedience to God requires us to push beyond both body and mind.

**Reason:**

After a fruitless night on the waters, the last thing a tired fisherman can take is fishing advice, especially from someone who appears clueless about fishing. Besides, it seems pointless to do again what had already proven futile just hours earlier. Sometimes God calls us to blind obedience. Even when it makes no sense... to us. Even when it might sound like a foolish idea... to us. In time, we discover that it was the very best thing for us.

**Repetition:**

When Jesus got into the boat, Peter was washing his net – which is the end of a day's fishing. So right after Peter had finished doing an activity (though without success), Jesus tells him - Let's do it again, son. And Peter agrees to redo – row again into the deep, cast the nets again, row back again everything he had done last night. The difference being, this time around – it was Jesus' idea and He is in the boat. Sometimes obedience to God might mean redoing some things, at His word. His word carries His presence, making ordinary efforts yield extraordinary results. Will you say - "Lord, I have a hundred reasons, justifications, and excuses not to do this… But, AT YOUR WORD… I WILL.".

**Abundance**:

*And they came and filled both the boats, so that they began to sink.* Luke 5:7b Obedience transforms nothingness into abundance. From empty nets and fruitless labour, Peter and his partners reached a place of overflowing provision - so much so that both boats were filled to the point of sinking. Remember that material abundance is never the end goal. It's only the next leg of the journey. God's mighty works in us are meant to draw us closer to Him, not to the world, for He desires more submission and greater nearness from us in return.

**Are you ready to obey today?**

God is faithful enough to take you from Nothingness to Abundance through your Obedience today. Trust in Him. Take that leap. He will not let you regret. By the way, He is waiting for you.

●

# दाख की बारी की ताज़ा खबरें



**Pastor Mahavir Prasad Gautam**
Evangelism Director
COG-CWR

सेवकाई की यात्राएँ बनी आत्मिक जागृति का साधन

मई से अगस्त २०२५ की सेवकाई में परमेश्वर ने विशेष रूप से ऋळशश्रव तळीळींी के माध्यम से अपने अनुग्रह और सामर्थ को प्रगट किया। इन यात्राओं का उद्देश्य केवल मुलाक़ात करना नहीं था, बल्कि सेवकों और विश्वासियों को आत्मिक रूप से दृढ़ करना और उन्हें नवीनीकरण की ओर ले जाना था।

१६-१७ मई २०२५, बगीदौरा (राजस्थान) - लगातार दो दिनों तक पसबानों की सभा का आयोजन किया। यहाँ सेवकों को आत्मिक शिक्षा और प्रोत्साहन मिला, जिससे उनकी सेवकाई में नई उमंग आई।

२५ जुलाई २०२५, शिरडी (महाराष्ट्र)-उपवास प्रार्थना के समय परमेश्वर की उपस्थिति विशेष रूप से प्रकट हुई और मंडली ने आत्मिक जागृति का अनुभव किया।

२६ जुलाई २०२५ को बेलापुर (महाराष्ट्र)-यहाँ पर एक विशेष सभा आयोजित की गई। इस अवसर मंडली में वचन के संदेश ने उपस्थित लोगों के हृदयों को गहराई से छुआ। वहाँ उपस्थित विश्वासियों ने गवाही दी कि उन्हें आत्मिक जीवन में नई दिशा और उत्साह मिला है।

२७ जुलाई २०२५, नेवासा (महाराष्ट्र) में आत्मिक इतिहास का गौरवपूर्ण अवसर देखने को मिला। उस दिन ६ लोगों ने प्रभु यीशु मसीह को अपना व्यक्तिगत उद्धारकर्ता के रूप में स्वीकार किया और विश्वास का सार्वजनिक अंगीकार कर, उन्होंने कलीसिया के सामने घोषणा की कि वे अब मसीह में नया जीवन जीएंगे। उस दिन का वातावरण पवित्र आत्मा की गवाही और प्रभु की उपस्थिति से भरा हुआ था।

१३-१५ अगस्त २०२५, साकेत (दिल्ली) हिंदी चर्च - तीन दिवसीय उपवास प्रार्थना आत्मिक जागृति का अद्भुत अवसर बना। प्रतिदिन के वचन और प्रार्थना ने विश्वासियों को उनकी गहरी खोज ने उन्हें प्रभु के और निकट ला दिया। हर दिन का वातावरण पवित्र आत्मा से भरपूर था।

१८ अगस्त २०२५, मेरठ (उत्तर-प्रदेश) - इस जिले के पासबान विशेष रूप से सताव और विरोध का सामना कर रहे हैं। समाज और परिस्थितियों के दबाव ने उनकी सेवकाई को चुनौतीपूर्ण बनाया है, फिर भी उन्होंने हिम्मत और विश्वास के साथ सेवकाई को जारी रखा है। उनकी दृढ़ता यह गवाही देती है कि जो प्रभु पर भरोसा करते हैं, वे कभी नहीं डगमगाते।

२० अगस्त २०२५, उन्नाव (उत्तर-प्रदेश) - इस क्षेत्र के पासबान अनेक प्रकार के अभाव जैसी गंभीर चुनौती से जूझते हुए भी सेवकाई में तल्लीन हैं। सीमित साधनों के बावजूद उनका समर्पण और धैर्य असाधारण है। उनकी गवाही यह प्रोत्साहित करती है कि कठिन परिस्थितियों में भी प्रभु के कार्य को प्राथमिकता देना ही सच्ची सेवकाई है।

**निष्कर्ष :** इन महीनों की फील्ड विज़िट्स ने दाख की बारी में आत्मिक नवीनीकरण की नई लहर पैदा की। जहाँ-जहाँ सेवक पहुँचे, वहाँ विश्वासियों के जीवन में परिवर्तन और सेवकों की दृढ़ता की गवाही प्रकट हुई। मई से अगस्त २०२५ का समय दाख की बारी के लिए प्रभु की सामर्थ और अनुग्रह की जीवित गवाही बन गया।

## वर्तमान कलीसिया के लिए एक चेतावनी .... contd

आत्मिक अगुवापन की मिसाल है: अवश्य है कि वह बढ़े और मैं घटूं (यूहन्ना ३:३०)। वर्तमान युग में जब सेवा का केंद्र मैं बन गया है, तब यह कथन क्रांति जैसा प्रतीत होता है। जो सच्चा अगुवा है, वह अपनी प्रसिद्धि नहीं, मसीह की महिमा चाहता है। उसे पता है कि उसकी भूमिका केवल दूल्हे का मित्र होने की है (यूह. ३:२९)

**४. अकेले खड़े होने वाली पुकार**

यूहन्ना अकेला खड़ा था - न मंदिर की व्यवस्था से जुड़ा, न सत्ता से समझौता करने वाला। वह जंगल में प्रचार कर रहा था - एक प्रतीकात्मक स्थान, जहाँ आवाज़ गूंजती है, लेकिन अक्सर अनसुनी रह जाती है। आज भी जो सच्चाई की आवाज़ उठाएगा, उसे भीड़ का समर्थन नहीं, अक्सर अकेलापन मिलेगा। परन्तु यही वह आवाज़ है जो मसीह का मार्ग तैयार करती है।

**निष्कर्ष:**

१. आज की कलीसिया में बहुत सी आवाज़ें हैं - लेकिन क्या वे यूहन्ना जैसी हैं?

२. क्या वे आत्माओं को पश्चाताप की ओर मोड़ रही हैं, या केवल सांत्वना दे रही हैं?

३. क्या वे मसीह की महिमा बढ़ा रही हैं, या अपने मंच और प्रतिष्ठा को?

हमें चाहिए कि हम भी यूहन्ना की तरह कह सकें: मैं जंगल में पुकारने वाले की आवाज़ हूं। चाहे यह आवाज़ अकेली हो, अनसुनी रह जाए, या विरोध झेले - यदि यह सच्चाई के साथ है, तो यह प्रभु की महिमा लाएगी।

प्रभु का अनुग्रह आप सभी पर बना रहे!

# കാലത്തിന് വെളിച്ചം വിതറിയ സുവിശേഷം!



**Pr. Ninan M. Abraham**
Mumbai

കാലങ്ങൾ മനുഷ്യനിൽ വരുത്തിയ പരിവർത്തനത്തിന്റെ ചരിത്രങ്ങളുടെ ഏടുകളെ പുറകോട്ട് തിരിഞ്ഞു നോക്കുമ്പോൾ!

കേരളത്തിൻെറ മണ്ണിൽ നൂറ്റാണ്ടുകൾക്ക് മുമ്പ് നടന്ന അന്ധകാരത്തിന്റെയും അടിമത്വത്തിന്റെയും അന്ധവിശ്വാസങ്ങളുടെയും ദുർമരണങ്ങളുടെയും കുടുംബത്തിൻെറ വ്യവസ്ഥകളുടെയും ജന്മിവാഴ്ചകളുടെയും ഒക്കെ വലിയ അടിമത്വത്തിന്റെ അവസ്ഥയിൽ നിന്ന് മനുഷ്യനെ കരകയറ്റുവാൻ വേണ്ടി കേരളത്തിൽ മാത്രമല്ല ഭാരതത്തിൽ മുഴുവനായി ആഞ്ഞടിച്ചതായ സുവിശേഷത്തിന്റെ ബഹുസ്വരതകളും സുവിശേഷത്തിന്റെ സന്ദേശങ്ങളും അത് വരുത്തിയതായ മാറ്റങ്ങളും ചെറുതല്ല.

ഇന്നുള്ള സമൂഹം കേവലം ഒരു യാഥാസ്ഥിതികമായ നിലകളിൽ ജീവിച്ച് മരിച്ച ഈ ലോകത്തിൽ നിന്ന് മാറ്റപ്പെടേണ്ടവരല്ലെന്നും, മരണത്തിനപ്പുറമായി അവർക്കൊരു ജീവിതം ഉണ്ടെന്നും, മനുഷ്യൻ ദൈവത്തിൻെറ സൃഷ്ടിയാണെന്നും ദൈവത്തോട് അവൻ നിരന്തരം ബന്ധമുള്ളവൻ ആണെന്നും ദൈവത്തിൻെറ ഒരു പ്രതിബിംബമാണ് അവനെന്നും മനുഷ്യനെ മനസ്സിലാക്കി കൊടുക്കുവാൻ വേണ്ടി കാലഘട്ടങ്ങൾക്ക് മുമ്പ് ഈ കേരളത്തിലേക്ക് വന്നതായ മിഷനറിമാരുടെ മഹത്തായ പ്രവർത്തനങ്ങൾ ഇന്ന് എന്തുകൊണ്ട് വിസ്മരിച്ചു പോകുന്നു ?

ആശുപത്രികളും, കോളജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും, ആതുരാലയങ്ങളും നിർമിച്ച മഹത്തായ സേവന പാരമ്പര്യം ഉള്ള മിഷണറിമാരുടെ പ്രവർത്തനങ്ങൾ കൊണ്ട് ഭാരതത്തിൽ ആകമാനം വന്ന മാറ്റങ്ങളെ വ്യക്തമായിട്ട് മനസ്സിലാക്കുന്ന രാഷ്ട്രീയ നേതാക്കളും വിദ്യാസമ്പന്നരുമായ വ്യക്തികളും ഉണ്ട്. എങ്കിലും ഈ കാലയളവുകളിൽ നടന്നു വരുന്ന, ക്രിസ്ത്യനികളോടും അവരുടെ ആതുര സേവനങ്ങളോടും ഉള്ള, ആ മുഖം തിരിച്ച സമീപനവും പ്രവർത്തികളും അവർക്കെതിരെ ആഞ്ഞടിച്ചു കൊണ്ടിരിക്കുന്ന സംഭവങ്ങളും മധ്യത്തിൽ തക്കതായ ഒരു നടപടി കൈക്കൊള്ളുന്നത് ഇനിയും എന്നാണ്?

അനീതിക്കും അധർമ്മത്തിനും അസത്യത്തിനും എതിരെ നിലകൊള്ളുന്നതായ സുവിശേഷത്തിന്റെ വ്യാപ്തി അത് ഒരിക്കലും ഒരു മതത്തിൻെറ അടിസ്ഥാനത്തിലും മതപരിവർത്തനത്തിന്റെ അടിസ്ഥാനത്തിലുമല്ല, കുഴഞ്ഞവരും ചിന്നിയവരും തളർന്നവരും തകർന്നവരും മാനസികമായി ശാരീരികമായി പിന്നോക്കം പോയ ഒരു സമൂഹത്തിനുവേണ്ടി കേരളത്തിൻെറ മണ്ണിൽ മാത്രമല്ല, കേരളത്തിൽനിന്ന് വടക്കേ ഇന്ത്യയുടെ പല സ്റ്റേറ്റുകളിലും കടന്നുപോയി ഊഷരഭൂമിയിൽ അവരെ ഗ്രാമങ്ങളിലും ഇതര സ്ഥലങ്ങളിലും ചെന്ന് കണ്ടുപിടിച്ച് അവരുടെ നടുവിൽ ചെയ്തതായ പ്രവർത്തനങ്ങളെക്കുറിച്ച് അവരുടെ വിദ്യാഭ്യാസത്തിനും ഉന്നമനത്തിനും ആരോഗ്യത്തിനും വേണ്ടി ചെയ്ത ശുശ്രൂഷകൾ അറിയാവുന്നതായ കാര്യങ്ങളാണ്. സുവിശേഷം എന്ന് പറയുന്നത് ഒരിക്കലും ഒരു മതത്തിൻെറ കളറിൽ നിൽക്കുന്നതായ സംഭവമല്ല. മനുഷ്യരാശിയുടെ മുഴുവൻ പരിവർത്തനത്തിനും സമാധാനത്തിനും അവരുടെ ഉന്നമനത്തിനും അവർ ജീവിച്ച് അവർ സമാധാനത്തോടെ ദൈവത്തെ കാണുന്നതിനു വേണ്ടിയുള്ള ഒരു മാധ്യമം എന്ന് മനസ്സിലാക്കുവാൻ കഴിയാതെ പോവുകയാണ്.

സുവിശേഷത്തെപ്പറ്റി പൗലോസ് ശ്ലീഹ ഇപ്രകാരം പറഞ്ഞിരിക്കുന്നു; സുവിശേഷത്തെക്കുറിച്ചു എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യെഹൂദന്നും പിന്നെ യവനന്നും അതു രക്ഷെക്കായി ദൈവശക്തിയാകുന്നുവല്ലോ (റോമർ 1 : 16).

For I am not ashamed of the gospel of Christ: for it is the power of God unto salvation to every one that believeth; to the Jew first, and also to the Greek ( Romans 1 : 16 )

സുവിശേഷത്തിന്റെ ബഹുസ്വരതയും സുവിശേഷത്തിന്റെ പ്രതീകവും സുവിശേഷത്തിന്റെ മറ്റൊരു തലവും ആണ് ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നുള്ളത്. ഛത്തീസ്ഗഡിൽ ജീവകാരുണ്യ പ്രവർത്തനങ്ങളോട് ബന്ധപ്പെട്ട് ആശുപത്രികൾ സ്ഥാപിച്ചും വിവിധ ആതുര സേവനം നടത്തിയും കത്തോലിക്ക സഭ ചെയ്യുന്ന മഹത്തായ സേവനങ്ങൾ പാരമ്പര്യത്തോടെ വളരെ പഴക്കമുള്ളതായ സേവനങ്ങൾ തന്നെയാണ്. അവിടെ രണ്ടു പാവപ്പെട്ട കുടുംബങ്ങളിൽ നിന്ന് വന്നതായ രണ്ടു പെൺകുട്ടികളെ ജോലി നൽകി അവർക്ക് ആശ്രയം നൽകി അവർക്ക് ഒരു തൊഴിൽ കൊടുത്തുകൊണ്ട് അവരുടെ ജീവിതത്തിന് ഊടും പാവും നിർമ്മിക്കുവാൻ കന്യാസ്ത്രീകൾ ശ്രമിച്ചു. അവർ ചെയ്തതായ കാര്യങ്ങളുടെ മേൽ ഇത്രമാത്രം ഒരു പുകമറ സൃഷ്ടിച്ചു കൊണ്ട് അവരെ അടച്ചാക്ഷേപിച്ച് അവരിൽ കുറ്റങ്ങൾ ചുമത്തിയപ്പോൾ പീലാത്തോസും യഹൂദന്മാരും യേശുവിന്റെ നേരെ കുറ്റങ്ങൾ ചുമത്തിയത് പോലെ തന്നെയെന്ന് തോന്നി പോവുകയാണ്.

അവർ ചെയ്ത തെറ്റ് എന്താണ്? അവർ രണ്ടു കുടുംബങ്ങളെ രക്ഷിക്കേണ്ടതിന് അവരുടെ അവസ്ഥയിൽ അവർക്കൊരു വ്യത്യാസം വരേണ്ടതിനു വേണ്ടി ആ കുട്ടികൾക്ക് നല്ലയൊരു ജീവിതം നൽകേണ്ടതിനു അവരെ കൊണ്ടുവന്നതാണെന്നതിന് രണ്ടുപക്ഷമില്ല. ഇന്ന് കത്തോലിക്ക സഭ ചെയ്യുന്നതായ ചാരിറ്റബിൾ പ്രവർത്തനങ്ങൾ ലോകത്തിൻെറ മുമ്പിൽ തന്നെ ശ്രദ്ധേയമാണ്. അതു പോലുള്ളതായ ജീവകാരുണ്യ പ്രവർത്തനങ്ങൾ ചെയ്യുവാൻ പലപ്പോഴും ഇതര സഭാവിഭാഗങ്ങൾക്ക് സാധിക്കാതെ പോവുകയാണ്.

ഭാരത ഗവൺമെൻറും അധികാരികളും ഇതിൻെറ മുമ്പിൽ തക്കതായ ഒരു പരിഹാരം ഉണ്ടാക്കി ക്രിസ്തീയ ജനവിഭാഗത്തെ അവരോട് ചേർത്തുനിർത്തി ക്രിസ്തീയ ജനവിഭാഗത്തിന് വേണ്ടതായ എല്ലാവിധ കൈത്താങ്ങുകളും കൊടുക്കും എന്നുള്ളതിന് യാതൊരു സംശയവുമില്ല. സമത്വത്തിനും സാഹോദര്യത്തിനും വലിയ പ്രാധാന്യം കൊടുക്കുന്ന ക്രൈസ്തവരോട് ഏറെ അടുത്തുവരുന്നവർ ഈ പശ്ചാത്തലത്തിൽ ഇങ്ങനെയുള്ള ഒരു വിഷയത്തിന് എത്രയും വേഗം ഒരു പരിഹാരം ഉണ്ടാകും എന്നുള്ള വിശ്വാസത്തോടുകൂടിയാണ് ദൈവത്തിൻെറ സന്നിധിയിൽ പ്രാർത്ഥിക്കുന്നത്.

അങ്ങനെ സംഭവിക്കട്ടെ! ലോകത്തിന് മുഴുവൻ വെളിച്ചമായി രക്ഷയായി ലോകജനതയുടെ ഉദ്ധാരണത്തിന് വേണ്ടി കാൽവരി ക്രൂശിൽ തകർക്കപ്പെട്ട യേശുക്രി

» 5

# ശ്രേഷ്ഠയായ ശൂനേംകാരി (2 രാജ. 4)



Pastor Joppachan

ശ്രേഷ്ഠതയ്ക്കു മനുഷ്യൻ കാണുന്ന യോഗ്യതകൾ അല്ല ദൈവം കാണുന്നവ. ദാവീദിന്റെ പിതാവും തന്റെ സഹോദരങ്ങളും ദാവീദിൽ കണ്ട യോഗ്യത ആടുകളെ മേയ്ക്കുവാൻ കാട്ടിലേക്ക് അയക്കുക എന്നതാണ്. എന്നാൽ ദൈവം ദാവീദിൽ കണ്ട യോഗ്യത തന്നെ ഏൽപിച്ച ആടുകളെ വിശ്വസ്തതയോടെ പരിപാലിച്ചു എന്നതാണ്. അടിയൻ അപ്പന്റെ ആടുകളെ മേയിച്ചു കൊണ്ടിരിക്കുമ്പോൾ ഒരിക്കൽ ഒരു സിംഹവും ഒരിക്കൽ ഒരു കരടിയും വന്നു കൂട്ടത്തിൽ നിന്ന് ആട്ടിൻകുട്ടിയെ പിടിച്ചു. ഞാൻ പിന്തുടർന്ന് അതിനെ അടിച്ചു. അതിന്റെ വായിൽ നിന്ന് ആട്ടിൻകുട്ടിയെ രക്ഷിച്ചു. അത് എന്റെ നേരെ വന്നപ്പോൾ ഞാൻ അതിനെ താടിക്ക് പിടിച്ച് അടിച്ചുകൊന്നു (1 ശമു. 17:34,35). തന്നെ ഏൽപിച്ച സ്ഥാനത്ത് ദാവീദ് വിശ്വസ്തനായിരുന്നപ്പോൾ ഇസ്രായേലിന്റെ ശ്രേഷ്ഠനായ രാജാവായി ദൈവം ദാവീദിനെ ഉയർത്തി.

ശൂനേംകാരി സ്ത്രീയെ, വളരെ ശ്രേഷ്ഠയായ ഒരു സ്ത്രീ എന്നാണ് പരിശുദ്ധാത്മാവ് വിശേഷിപ്പിച്ചിരിക്കുന്നത്. അത് അവളുടെ ഭൗതിക സമ്പത്ത് നിമിത്തമല്ല, പ്രധാനമായി നാല് വിശേഷണങ്ങൾ ഈ സ്ത്രീയിൽ കാണുവാൻ കഴിയുന്നു.

**1. സ്ഥിരത**

ചാഞ്ചല്യമില്ലാത്ത ഒരു സ്ഥിരമനസ്സ് ശൂനേംകാരിയിൽ കാണുവാൻ കഴിയും. വ്യത്യസ്ഥമായ നിരവധി അനുഭവങ്ങളിലൂടെ അവൾ കടന്നു പോയിട്ടുണ്ട്. അവിടെ എല്ലാം ഒരു ഉറച്ച മനസ് അവളിൽ കാണുവാൻ കഴിയും. ഏലീശാ എന്ന ദൈവ പുരുഷനെ ഭവനത്തിൽ കൈക്കൊണ്ട് അദ്ദേഹത്തെ ബഹുമാനിക്കയും ആദരിക്കുകയും ചെയ്തു. ദൈവപുരുഷനു വേണ്ടിയതെല്ലാം മാളികമുറിയിൽ ഒരുക്കി കൊടുത്തു. അവളുടെ ജീവിതത്തിലെ പല ആവശ്യങ്ങൾ സാധിക്കുവാൻ ഉണ്ടെങ്കിലും ദൈവപുരുഷനോടുള്ള സ്നേഹത്തിലും കരുതലിലും അവൾ സ്ഥിരത കാണിച്ചു. അവൾക്കു ദാനം ലഭിച്ച മകൻ മരിച്ചപ്പോഴും ദേശത്ത് ക്ഷാമം ഉണ്ടായപ്പോഴും മടങ്ങി വന്നപ്പോൾ അവൾക്കുള്ളതെല്ലാം നഷ്ടപ്പെട്ടു എന്നറിഞ്ഞപ്പോഴും ദൈവത്തിനുള്ള ആശ്രയം അവളിൽ സ്ഥിരമായിരുന്നു. അവളുടെ ഹൃദയം ദൈവത്തിൽ സ്ഥിരമായിരുന്നതുകൊണ്ട് അവൾക്ക് നഷ്ടപ്പെട്ടതെല്ലാം ദൈവം തിരികെ നൽകുവാൻ ഇടയായി. നാമും പലവിധമാകുന്ന പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടവരാണ്. ശൂനേംകാരി സ്ത്രീയെപ്പോലെ നാമും ദൈവത്തിനു ഒന്നാം സ്ഥാനം കൊടുക്കുമ്പോൾ ദൈവകാര്യങ്ങൾക്ക് മുൻഗണന നൽകി മുമ്പോട്ടു പോകുമ്പോൾ സകല ബുദ്ധിയെയും കവിയുന്ന ദൈവസമാധാനം നമ്മുടെ ഹൃദയങ്ങളിൽ നൽകി നമ്മുടെ ആവശ്യങ്ങൾ അറിഞ്ഞ് നമ്മെ കരുതുവാൻ ദൈവം വിശ്വസ്തനാണ്.

**2. ആത്മീയ കാഴ്ചപ്പാട്**

പലവിധമാകുന്ന പ്രതിസന്ധികളിൽ കൂടെ അവൾ കടന്നുപോയിട്ടും അവളുടെ അകക്കണ്ണ് കുരുടാക്കുവാൻ അവൾ അനുവദിച്ചില്ല. അവളുടെ അകക്കണ്ണുകൾ പ്രകാശിച്ചിരുന്നതുകൊണ്ട് ഏലീശാ പ്രവാചകനെ വിശുദ്ധനായൊരു ദൈവ പുരുഷൻ എന്നു കാണുവാൻ കഴിഞ്ഞു (2 രാജാ. 4:9).

നാം പല വിഷയത്തിൽ ഭാരപ്പെടുമ്പോൾ നമ്മുടെ വിഷയങ്ങൾക്കും പരിഹാരം ലഭിക്കാതിരിക്കുമ്പോൾ, നാം ക്ഷീണിച്ചു പോകുമ്പോൾ, തളർന്നുപോകുമ്പോൾ നമ്മുടെ വൈരിയായി പിശാച് നമ്മുടെ ഹൃദയങ്ങളിൽ സംശയം, അവിശ്വാസം ഇട്ടുകൊണ്ട് നമ്മുടെ മനസ്സിനെ അകകണ്ണുകളെ കുരുടാക്കുവാൻ ശ്രമിക്കുമ്പോൾ ശൂനേംകാരി സ്ത്രീ നമ്മൾക്കൊരു മാതൃകയാകട്ടെ. അചഞ്ചലമായ ദൈവാശ്രയത്താലും തികഞ്ഞ വിശ്വാസത്താലും പ്രാർത്ഥനയാലും നമ്മുടെ അകകണ്ണുകൾ പ്രകാശിക്കട്ടെ.

**3. നഷ്ടമാകാത്ത പ്രത്യാശ**

ദൈവീക വാഗ്ദത്ത പ്രകാരം ലഭിച്ച മകൻ പെട്ടെന്ന് മരിച്ചുപോകുവാൻ ഇടയായി (2 രാജ. 4:18,20,21). അപ്രതീക്ഷിത പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ ആദ്യം നിലവിളിക്കുന്നതും ഉത്കണ്ഠാകുലരാകുന്നതും സ്ത്രീകളാണ്. എന്നാൽ ഇവിടെ അവൾ മനോവീര്യം കൈവിടാതെ നിന്നത് അവളുടെ ദൈവത്തിലുള്ള ആഴമായ പ്രത്യാശ നിമിത്തമായിരുന്നു. മനസ്സിന്റെ സമനില തെറ്റി നിരാശയിലാണ്ടുപോകാമായിരുന്നു. നിരവധി പ്രശ്നങ്ങളെ ശൂനേംകാരി അഭിമുഖികരിക്കേണ്ടതായി വന്നു. പക്ഷേ അവിടെയെല്ലാം കൈവിടാത്ത ഒരു പ്രത്യാശ അവളിൽ ഉണ്ടായിരുന്നത് അവളുടെ ദൈവാശ്രയത്തെ ദൈവപുരുഷന്റെ വചനങ്ങളിലുള്ള പൂർണ്ണവിശ്വാസത്തിന്റെ തെളിവാണ്. മരിച്ചുപോയ മകനെ ജീവനോടു തിരികെ ലഭിച്ചത് ശൂനേംകാരി സ്ത്രീയുടെ ദൈവത്തിലുള്ള ദൈവാശ്രയം കൊണ്ട് മാത്രമാണ് (2 രാജ. 4:32-37).

നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറയുവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ (1 പത്രോസ് 3:15).

**4. കീഴടങ്ങുന്ന മനോഭാവം**

ആത്മീയ വിഷയങ്ങളിൽ വളരെ ശുഷ്കാന്തിയുള്ളവളായിരുന്നു ശൂനേംകാരി എങ്കിലും സ്വന്തം ഭർത്താവിനും ദൈവപുരുഷന്റെ വചനങ്ങൾക്കും കീഴ്പെടുന്ന സ്വഭാവം അവളിൽ ദർശിക്കുവാൻ കഴിയും. ക്ഷാമമുണ്ടാകുമ്പോൾ പരദേശവാസം ചെയ്യുവാൻ പ്രവാചകൻ ആവശ്യപ്പെട്ടത് അതുപോലെ അവൾ അനുസരിച്ചു. ദൈവം അവളെ മാനിക്കുകയും മടക്കി വരുത്തി അവൾക്ക് നഷ്ടപ്പെട്ടതെല്ലാം തിരികെ ലഭിക്കുവാൻ ഇടയാകുകയും ചെയ്തു (2 രാജ. 8:16).

ശൂനേംകാരിയെ ദൈവസന്നിധിയിൽ ശ്രേഷ്ഠയാക്കി തീർത്ത ഈ നാലുവിധ സവിശേഷതകളും ഉള്ളവരായി നാം ഓരോരുത്തരും തീരുവാൻ നമുക്ക് ദൈവ സന്നിധിയിൽ പ്രാർത്ഥിക്കാം, സമർപ്പിക്കാം. ●

---

കാലത്തിന് വെളിച്ചം വിതറിയ..... തുടർച്ച

സ്തുവിന്റെ നിസ്തുല്യമായ സ്നേഹത്തിന്റെ ആ പ്രതിഫലനം ഇന്ന് നമ്മൾ കാണുകയും അനുഭവിക്കുകയും ചെയ്യുന്നു. അത് ഒരു പരമസത്യം തന്നെ എന്ന് വിശ്വസിക്കുകയും ചെയ്യുന്നവരാണ് ഇതര മതസ്ഥർ പോലും.

ആ ദൈവസ്നേഹത്തിന്റെ ആഴങ്ങളിൽ നിന്നുകൊണ്ട് മാത്രമേ ആർക്കും ഒരു രോഗിയെ ശുശ്രൂഷിക്കുവാനോ ഒരു ആതുര ശുശ്രൂഷ ചെയ്യുവാനോ ഒരു കുഷ്ഠരോഗിയെ ശുശ്രൂഷിക്കുവാനോ സാധ്യമാവുകയുള്ളൂ. ബഹുസ്വരതകളുടെയും ഭാഷകളുടെയും സംസ്കാരങ്ങളുടെയും മതത്തിന്റെയും എല്ലാ അതിർവരമ്പുകളും ഭേദിച്ച് ലോകജനതയുടെ മനസ്സിൽ സത്യത്തിന്റെ ദീപം തെളിയിക്കുവാൻ സുവിശേഷത്തിന് കഴിയും. ലോകത്തിന് തന്നെ ഇന്ന് ആവശ്യമായിരിക്കുന്നത് സമാധാനമാണ്. അക്രമങ്ങൾ ഇല്ലാത്ത അനീതിയില്ലാത്ത വൈരാഗ്യം ഇല്ലാത്ത സഹിഷ്ണുതയുടെയും സമാധാനത്തിന്റെയും മാർഗം തന്നെയാണ് സുവിശേഷം.

ഒരു മിഷനറിയോ ഒരു സുവിശേഷകനോ ഭാരതത്തിൻെറ എഴുതപ്പെട്ടതായ നിയമങ്ങളെ ലംഘിക്കുകയോ ഭാരതത്തിൻെറ രാജ്യത്തിൻറെ അഖണ്ഡതയ്ക്കും , രാജ്യത്തിന് എതിരെ ഒരു രാജ്യ ദ്രോഹപരമായ കുറ്റകൃത്യം ചെയ്ത ഒരു രേഖകളും ഇല്ല. അവർ നിരന്തരം ഭാരതത്തിന്റെ അഖണ്ഡതയ്ക്കും ഐശ്വര്യത്തിനും വികസനത്തിനും എല്ലാ വിധത്തിലുള്ള യശസ്സിനും വേണ്ടി അധ്വാനിക്കുന്നവരാണ്. ഭാരതം എന്നുപറയുന്ന മഹാരാജ്യം അവർക്ക് എന്നും അഭിമാനമാണ്. ●

---

# ദൈവത്തിൻെറ ദൃഷ്ടിയിലൂടെ കാണുക



പാസ്റ്റർ ഷിബു ബേബി

നാം കാര്യങ്ങളെ എങ്ങനെ നോക്കിക്കാണുന്നു എന്നുള്ളതിനോട് ബന്ധപ്പെട്ടതാണ് ആ വിഷയങ്ങളെ കൈകാര്യം ചെയ്യുന്ന രീതിയും അതിനോടുള്ള നമ്മുടെ പ്രതികരണങ്ങളും രൂപപ്പെടുന്നത്. ജോസഫിന്റെ ജീവിതയാത്ര ഇതിന് ഉദാഹരണമാണ്.

യോസേഫിന്റെ മിസ്രയീമിലേക്കുള്ള യാത്ര സഹോദരന്മാരെ സംബന്ധിച്ച്, മാനുഷദൃഷ്ടിയിൽ വില്ക്കപ്പെടൽ ആണ്. ഇരുപത് വെള്ളിക്കാശിന് സഹോദരന്മാർ യിശ്മായേല്യർക്ക് വിറ്റു (ഉല്പത്തി 37:27). എന്നാൽ ഇതേ വിഷയം ജോസഫ് പറയുമ്പോൾ ഉള്ള പ്രയോഗം ദൈവം അയച്ചു എന്നാണ്. എന്നെ ഇവിടെ വിറ്റതുകൊണ്ട് നിങ്ങൾ വ്യസനിക്കേണ്ട വിഷാദിക്കുകയും വേണ്ട; ജീവരക്ഷയ്ക്കായി ദൈവം തന്നെ നിങ്ങൾക്ക് മുൻപേ അയച്ചതാകുന്നു (ഉൽപ. 45:5). മുൻപേ തന്നോട് സ്വപ്നത്തിലൂടെ ഇടപെട്ട പരമാധികാരിയായ ദൈവത്തിൻെറ ദൃഷ്ടിയിലൂടെ ജോസേഫിന് കാണാൻ കഴിഞ്ഞതുകൊണ്ടാണ് ദൈവം എന്നെ അയച്ചതാണെന്ന് തന്നെ വിറ്റു ഒഴിവാക്കിയ സഹോദരന്മാരോട് പറയാൻ കഴിഞ്ഞത്. മാത്രമല്ല, മാനുഷദൃഷ്ടിയിൽ ഈ വിഷയത്തെ വിറ്റു എന്ന നിലയിൽ എടുത്തിരുന്നുവെങ്കിൽ തന്നെ അപ്പനിൽ നിന്ന് അകറ്റി കളഞ്ഞ, വിറ്റു കളഞ്ഞ, മാനം നഷ്ടപ്പെട്ട് കള്ളക്കേസിൽ ജയിലിൽ കിടക്കേണ്ടിവന്നതിനെല്ലാം കാരണക്കാരായ സഹോദരന്മാരെ ഇപ്പോൾ അധികാരമുള്ള തനിക്ക് അവരോട് പ്രതികാരം ചെയ്യാൻ തുനിഞ്ഞേനെ.

എന്നാൽ ഇപ്രകാരമൊക്കെ തന്നോട് പെരുമാറിയ സഹോദരന്മാരെ വെറുക്കാതെ, വിദ്വേഷം തോന്നാതെ, ദോഷത്തിന് പകരം ദോഷം ചെയ്യാതെ, അവർക്ക് നന്മ ചെയ്യാൻ ഇടയായത് ദൈവത്തിൻെറ ദൃഷ്ടിയിലൂടെ, ഇതൊക്കെ ദൈവത്തിൻെറ പദ്ധതിയായിരുന്നു എന്ന ദൈവഹിതത്തെ, ദൈവത്തിൻെറ ദൃഷ്ടിയിലൂടെ കാണാൻ കഴിഞ്ഞതുകൊണ്ടാണ്.

ഇപ്രകാരം മനുഷ്യൻ നമ്മോട് ഇടപെടുന്ന ഏതു വിഷയങ്ങളെയും ദൈവത്തിൻെറ ദൃഷ്ടിയിലൂടെ കാണുവാനും മനസ്സിലാക്കുവാനും ശ്രമിക്കുമ്പോൾ ഹൃദയം എപ്പോഴും സ്വസ്ഥമായിരിക്കും. എന്നാൽ മാനുഷ്യയിലൂടെ മാത്രം കൈകാര്യം ചെയ്യുമ്പോൾ നമ്മുടെ സ്വസ്ഥത നഷ്ടമാകയും പ്രതികാരചിന്തകൾ കൊണ്ട് പിശാചു ഹൃദയത്തെ നിറക്കുകയും ചെയ്യും. തന്നെ ശപിച്ച ശിമയിയെ കൊന്നുകളയാൻ തന്റെ കൂടെയുള്ളവർ അനുവാദം ചോദിച്ചപ്പോൾ ദാവീദ് കൊടുത്ത മറുപടി ഇവിടെ ശ്രദ്ധേയമാണ്. അവനെ വിടുവിൻ അവൻ ശപിക്കട്ടെ, ദാവീദിനെ ശപിക്ക എന്ന് യഹോവ കൽപിച്ചിരിക്കുന്നു. പക്ഷേ യഹോവ എന്റെ സങ്കടം പോക്കി ഇന്നത്തെ ഇവന്റെ ശാപത്തിന് പകരം എനിക്ക് അനുഗ്രഹം നൽകും (2 സാമുവൽ 16:10-12). ദൈവമക്കൾ എന്ന് അഭിമാനിക്കുന്ന നാം എന്നുമുതൽ ഇപ്രകാരം ദൈവത്തിൻെറ ദൃഷ്ടിയിലൂടെ കാണുവാനും ചിന്തിക്കുവാനും തുടങ്ങുമോ അന്നുമുതൽ നമ്മുടെ കുടുംബത്തിലെയും സഭയിലെയും സമൂഹത്തിലെയും ഒട്ടുമിക്ക പ്രശ്നങ്ങൾക്കും പരിഹാരമാകും. ●

## രക്തദാന ക്യാമ്പ് നവംബർ 8ന് നവി മുംബൈയിൽ

**നവി മുംബൈ:** മനുഷ്യസ്നേഹത്തിന്റെ സന്ദേശവുമായി സിറ്റി റിവൈവൽ ചർച്ച് ഓഫ് ഗോഡ് കാ മോത്തെയുടെ യുവജന വിഭാഗമായ Y.P.E, പല്ലവി ബ്ലഡ് ബാങ്കുമായി സ ഹകരിച്ച് രക്തദാന ക്യാമ്പ് സംഘടിപ്പിക്കുന്നു.

നവംബർ 8, 2025ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 3 വരെ അഗ്രി സമാജ് ഹാൾ, സെക്ടർ 15, കാമോത്തെ, നവി മുംബൈയിൽ ക്യാമ്പ് നടക്കും.

For details Pr. Jixen James - 9029082426

SADHWARTHA

For Private Circulation only.

P.O. Box No. 7213, Chembur,
Mumbai 400071. Tel: 25251834
email : sadhwartha@gmail.com

# നോർത്ത് ഡൽഹി ഡിസ്ട്രിക്റ്റ് ബൈബിൾ ക്ലാസും സംയുക്ത ആരാധനയും

**ഡൽഹി :** ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയൻ നോർത്ത് ഡൽഹി ഡിസ്ട്രിക്റ്റ് വൈ.പി.ഇ. യുടെ ആഭിമുഖ്യത്തിൽ ദ്വിദിന ബൈബിൾ ക്ലാസ് ആഗസ്റ്റ് 15, 16 തീയതികളിൽ നടത്തപ്പെട്ടു. Walking in the truth എന്ന തീമിനെ ആധാരമാക്കി പാ. ആൽബി തോമസ് ക്ലാസുകളെടുത്തു. സണ്ടേസ്കൂൾ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റും വിതരണം ചെയ്തു. ആഗസ്റ്റ് 17-ാം തീയതി സംയുക്ത ആരാധന ഡി. പാസ്റ്റർ പി.എ. മാത്യുവിന്റെ അദ്ധ്യക്ഷതയിൽ പാ. ജോയിക്കുട്ടി പി.എം. പ്രാർത്ഥിച്ച് ആരംഭിച്ചു. പാ. ഈ.പി. സാംകുട്ടി (റീജിയണൽ ഓവർസീയർ), പാ. എം.പി. ഗൗതം (ഇവാ. ഡയറക്ടർ) മുഖ്യ അതിഥികളായിരുന്നു. പാ. ഓം പ്രകാശ് സങ്കീർത്തനം വായിച്ചു. പാ. മാത്യു ടി. സാമുവേൽ (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, ഡൽഹി സ്റ്റേറ്റ്) സങ്കീർത്തനത്തിൽ നിന്നും പ്രബോധനം നൽകി. ഡിസ്ട്രിക്റ്റ് ക്വയർ ഗാനശുശ്രൂഷക്ക് നേതൃത്വം നൽകി. പാ. ടി.ജെ. ബോവസ് പങ്കെടുത്തവർക്ക് സ്വാഗതം അറിയിച്ചു.






പാ. ഈ.പി. സാംകുട്ടി (ഓവർസീയർ) എഫേസ്യർ 6:10-13 നെ ആസ്പദമാക്കി ''ദുർദിവസത്തിൽ എതിർത്തു നിൽക്കുകയും, കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ'' എന്ന വിഷയത്തെ ആസ്പദമാക്കി മുഖ്യ സന്ദേശം നൽകുകയുണ്ടായി. പാ. എം.പി. ഗൗതം റീജിയണിലെ വിവിധ സഭകൾ നേരിടുന്ന വൈഷമ്യങ്ങളെക്കുറിച്ച് വിശദീകരിക്കുകയും, ദൈവവചനം സംസാരിക്കുകയും ചെയ്തു. പാ. ജയ് മോഹൻ എ.ജെ. സന്ദേശങ്ങൾ ഹിന്ദിയിലേക്ക് പരിഭാഷപ്പെടുത്തി. പാസ്റ്റേഴ്സ് ജോബി ജോൺ, അലക്സാണ്ടർ കോശി, റെൻജു റ്റി. കുര്യാക്കോസ്, ജോയൽ പൗലോസ് എന്നിവർ വിവിധ ശുശ്രൂഷകളിൽ സഹായിച്ചു.

പാ. ഈ. പി. സാംകുട്ടി (റീജനൽ ഓവർസീയർ), പാ. എം.പി. ഗൗതം (ഇവാ. ഡയറക്ടർ), പാ. മാത്യു ടി. സാമുവേൽ (അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) എന്നിവർക്ക് പാ. പി.എ. മാത്യു (ഡി.പാസ്റ്റർ), പാ. അലക്സ്കുട്ടി ജേക്കബും (ഡി. സെക്രട്ടറി), ബ്ര. ഐപ് ഉമ്മനും (ഡി. ട്രഷറർ) എന്നിവർ ചേർന്ന് സ്നേഹോപഹാരം നൽകി ആദരിച്ചു.

പാ. അലക്സ് കുട്ടി ജേക്കബ് കൂടിവന്നവർക്ക് നന്ദി പ്രകാശിപ്പിച്ചു. പാ. പി.എം. മാത്യുവിന്റെ പ്രാർത്ഥനയോടും ആശീർവാദത്തോടും കൂടെ സംയുക്ത ആരാധന പര്യവസാനിച്ചു. ●

# സൗത്ത് ഡൽഹി ഡിസ്ട്രിക്ട് സംയുക്ത സഭായോഗം നടത്തപ്പെട്ടു






**ഡൽഹി:** സെൻട്രൽ വെസ്റ്റ് റീജിയൺ ഡൽഹി സൗത്ത് ഡിസ്ട്രിക്റ്റ് സംയുക്ത ആരാധന സെപ്റ്റംബർ മാസം ഇരുപത്തിയൊന്നാം തീയതി ആന്ധ്ര അസോസിയേഷൻ ഓഡിറ്റോറിയത്തിൽ വച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു. ഡിസ്ട്രിക്റ്റ് പാസ്റ്റർ പാ. റോബിമോൻ പി. ജെ. അധ്യക്ഷത വഹിച്ച സഭായോഗം പാ. ഷിബു ബേബി പ്രാർത്ഥിച്ച് ആരംഭിച്ചു. പാ. ഷിജു കെ. ഡാനിയേലിന്റെയും ബ്ര. ഷൈജു മാത്യുവിന്റെയും നേതൃത്വത്തിൽ ഡിസ്ട്രിക്ട് വൈ. പി.ഇ. ക്വയർ ഗാനങ്ങൾ ആലപിച്ചു. ഡിസ്ട്രിക്ട് പാസ്റ്റർസ് സെക്രട്ടറി പാ. ബിനോജി വർഗീസ് കടന്നുവന്നവർക്ക് സ്വാഗതം അർപ്പിച്ചു. പാ. ഷാജി കെ. ചിറയിൽ (റീജിയണൽ സൺഡേ സ്കൂൾ സെക്രട്ടറി) സങ്കീർത്തനം വായിച്ചു. ഡൽഹി സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് പാ. മാത്യു ടി. സാമുവേൽ സങ്കീർത്തന പ്രബോധനം നിർവഹിച്ചു. പാ. എം.പി. ഗൗതം (ഇവാ. ഡയറക്ടർ) ലഘു സന്ദേശം നൽകി.

മുഖ്യ അതിഥിയായി ദൈവസഭയുടെ ആദരണീയ ഓവർസീയർ റവ. ഇ. പി. സാംകുട്ടി 'നമുക്ക് മുൻപായി നടക്കുന്ന ദൈവം' എന്ന വിഷയത്തെ ആസ്പദമാക്കി അധികാരമായി അനുഗ്രഹീതമായ ദൈവവചന ശുശ്രൂഷ നിർവഹിച്ചു.

പാ. സനു റ്റി. മാത്യു, പാ. സുജിത് ജോസഫ് (കൗൺസിൽ മെമ്പർ), പാ. ഫിലിപ്പ് സാം നൈനാൻ, പാ. ഡാനിയേൽ ബെനറ്റ്, പാ. ജോൺസൻ ഡാനിയേൽ, പാ. ദില്ലി റാവു, ബ്ര. എബ്രഹാം വർഗീസ്, സിസ്റ്റർ മറിയാമ്മ തോമസ് എന്നിവർ വിവിധ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി.

ഡിസ്ട്രിക്ട് സെക്രട്ടറി ബ്ര. സുനിൽ റോബർട്ട് തോമസ് കടന്നു വന്നവർക്ക് നന്ദിപ്രകാശനം നടത്തി. പാ. ജെയിംസ് ചാണ്ടിയുടെ (ഡി. പാസ്റ്റർ, മീററ്റ്) പ്രാർത്ഥനയോടും ആശിർവാദത്തോടും കൂടെ സംയുക്ത ആരാധനയ്ക്ക് പര്യവസാനം കുറിച്ചു. പാ. ജേക്കബ് ചെറിയാൻ, ബ്ര .ഷിജു മാത്യു എന്നിവർ പരിഭാഷ നിർവഹിച്ചു.

പത്തിലും പന്ത്രണ്ടിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയവർക്ക് ഡിസ്ട്രിക്ട് ക്യാഷ് അവാർഡ് നൽകി. കൂടാതെ സൺഡേ സ്കൂൾ റീജിയൺ തലത്തിൽ നടത്തിയ പരീക്ഷയിൽ വിജയിച്ചവർക്കും പങ്കെടുത്തവർക്കും ഉള്ള ട്രോഫിയും സർട്ടിഫിക്കറ്റും വിതരണം ചെയ്തു.

*(റിപ്പോർട്ട് : പാ.ഷിജു കെ. ഡാനിയേൽ പഞ്ചാബ്)*

## സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റ് സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ വി.ബി.എസ്സ്. നടന്നു

**ഡൽഹി :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റ് സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ഒക്ടോബർ 1, 2 തീയതികളിൽ ഹൌസ് ഖാസ് സഭാ ഹോളിൽ വച്ച് വി. ബി. എസ്സ്. അനുഗ്രകരമായി നടത്തപ്പെട്ടു. ഡിസ്ട്രിക്റ്റ് പാസ്റ്റർ പാ. റോബിമോൻ പി. ജെ. പ്രാർത്ഥിച്ചാരംഭിച്ച വി. ബി. എസ്സിന് IJEM ടീം നേതൃത്വം നൽകി. 'ദ ലിറ്റിൽ ലാമ്പ്' എന്നതായിരുന്നു തീം. രാവിലെ 9 മുതൽ വൈകിട്ട് 4 വരെ നടന്ന മീറ്റിംഗിൽ 85 കുഞ്ഞുങ്ങൾ ഓരോ ദിവസവും പങ്കെടുത്തു. പാസ്റ്റർ ഷാജി കെ. ചിറയിൽ (റീജിയണൽ സൺഡേസ്കൂൾ സെക്രട്ടറി), പാസ്റ്റർ സനു ടി മാത്യു (ഡിസ്ട്രിക്ട് വൈ.പി. പ്രസിഡൻറ്) പാസ്റ്റർ ജേക്കബ് ചെറിയാൻ (ഡിസ്ട്രിക്റ്റ് സൺഡേസ്കൂൾ പ്രസിഡൻറ്), ബ്രദർ സുനിൽ റോബർട്ട് (ഡിസ്ട്രിക്റ്റ് സെക്രട്ടറി) എന്നിവർ വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

## മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്റ്റ് വൈ. പി. ഇ. യുടെ ആഭിമുഖ്യത്തിൽ ഉപവാസ പ്രാർത്ഥനയും കൗൺസിലിംഗും നടത്തപ്പെട്ടു

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്റ്റ് വൈ. പി. ഇ. യുടെ ആഭിമുഖ്യത്തിൽ ഉപവാസപ്രാർത്ഥനയും കൗൺസിലിംഗും ഓഗസ്റ്റ് 15 വെള്ളിയാഴ്ച കല്യാൺ ഈസ്റ്റ് സഭാഹോളിൽ (കാദേശ് ഭവൻ) വച്ച് അനുഗ്രഹകരമായി നടത്തപ്പെട്ടു. ഉപവാ സ പ്രാർത്ഥനയിൽ പാ. ജോയൽ ജോസഫ് ദൈവവചനം ശുശ്രൂഷിച്ചപ്പോൾ കൗൺസി ലിഗിന് പാ. ജെസ്സീൻ സ്കറിയ നേതൃത്വം നൽകി.

## വെസ്റ്റേൺ മുംബൈ ഡിസ്ട്രിക്റ്റ് വൈ.പി.ഇ. യുടെ ആഭിമുഖ്യത്തിൽ യൂത്ത് സെമിനാർ

**മുംബൈ :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, വെസ്റ്റേൺ മുംബൈ ഡിസ്ട്രിക്റ്റ് വൈ. പി. ഇ. യുടെ ആഭിമുഖ്യത്തിൽ ഏകദിന യൂത്ത് സെമിനാർ ഗോരെഗാവ് വെസ്റ്റ് സഭാഹോളിൽ വച്ച് അനുഗ്രകരമായി നടത്തപ്പെട്ടു. ഓഗസ്റ്റ് മാസം 15ന് നടന്ന മീറ്റിംഗിൽ മുഖ്യാതിഥിയായി പാ. ബെൻസൻ ഏബ്രഹാം (പൂനെ) സന്ദേശം നൽകി. **'മെറ്റനോയിയ: ടു ബയർ ദി ഫ്രൂട്ട് ഓഫ് റിപെന്റൻസ്'** എന്നതായിരുന്നു തീം'.

## സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റ് വൈ.പി.ഇ.യുടെ ആഭിമുഖ്യത്തിൽ യൂത്ത് സെമിനാർ നടന്നു

**ഡൽഹി :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സൗത്ത് ഡൽഹി ഡിസ്ട്രിക്റ്റ് വൈ. പി. ഇ. യുടെ ആഭിമുഖ്യത്തിൽ യൂത്ത് സെമിനാർ ഓഗസ്റ്റ് 16 ന് അനുഗ്രഹകരമായി നടത്തപ്പെട്ടു. ഹൌസ് ഖാസ് ദൈവ സഭാ ഹാളിൽ വച്ച് നടന്ന മീറ്റിങ്ങിൽ **'റൂട്ടഡ് സ്റ്റാൻഡിങ് സ്ട്രോങ്ങ് ഇൻ എ ഷിഫ്റ്റഡ് വേൾഡ്'** എന്ന തീം ആസ്പദമാക്കി പാ. ജോൺ ജോർജ് (മുംബൈ) സന്ദേശം നൽകി.

## സെൻട്രൽ മുംബൈ ഡിസ്ട്രിക്ടിന്റെ ആഭിമുഖ്യത്തിൽ യൂത്ത് സെമിനാർ നടത്തപ്പെട്ടു

**മുംബൈ :** ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, സെൻട്രൽ മുംബൈ ഡിസ്ട്രിക്റ്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന യൂത്ത് സെമിനാർ ചെമ്പൂർ സഭാഹോളിൽ വച്ച് അനുഗ്രകരമായി നടത്തപ്പെട്ടു. ഓഗസ്റ്റ് മാസം 15ന് നടന്ന മീറ്റിംഗിൽ മുഖ്യാതിഥിയായി പാ. ബെൻ ജേക്കബ് സന്ദേശം നൽകി. 'എവേക്കൺ യുവർ സ്പിരിറ്റ്' എന്നതായിരുന്നു തീം'.

## മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്റ്റ് ലേഡീസ് ഡിപ്പാർട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ നടത്തപ്പെട്ടു

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ, മുംബൈ ഈസ്റ്റേൺ ഡിസ്ട്രിക്റ്റ് ലേഡീസ് ഡിപ്പാർട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഏകദിന സെമിനാർ നടത്തപ്പെട്ടു. ഒക്ടോബർ മാസം 2 ന് ബദലാപൂരിലുള്ള ചർച്ച് ഓഫ് ഗോഡ് ക്യാമ്പസ്സിൽ വെച്ചാണ് യോഗം നടന്നത്. ഡിസ്ട്രിക്റ്റ് പാസ്റ്റർ ഡോ. ജോൺ സി. മുട്ടുവേലി പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്ത സെമിനാറിൽ സിസ്റ്റർ സാലി ജേക്കബ് (മുംബൈ) ദൈവവചന ശുശ്രൂഷ നിർവ്വഹിച്ചു. ●

Printed & Published by : CHURCH OF GOD IN INDIA, Central West Region, Mumbai. Cheif Editor : Pastor Manu K. Chacko - 8208907893
Email : sadhwartha@gmail.com, Typesetting : Anons Graphix - 9820467408 & Printing : R.R. Art Printers. Tel.: 2770 4725 Mobile : 9820 548 243